സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാള്യം: 60 ലക്കം: 73 2025 ജൂൺ 03 ചൊവ്വ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

## ഫീസ് അടച്ചില്ല; വിദ്യാർഥിയെ സ്കൂൾ ബസിൽ നിന്ന് ഇറക്കിവിട്ടു; പരാതി

കണ്ണൂരിൽ ഫീസ് അടയ്ക്കാത്തതിന് എട്ടാം ക്ലാസുകാരനെ സ്കൂൾബസിൽ നിന്ന് ഇറക്കിവിട്ടെന്ന് പരാതി. സ്കൂൾ ജീവനക്കാരൻ ഇസ്മായിലിനതിരെ മുഖ്യമന്ത്രിക്കും വിദ്യാഭ്യാസ മന്ത്രിക്കും പൊലീസിനും പരാതി നൽകി. പ്രവേശനദിവസം സ്കൂൾ ബസിൽ നിന്ന് ഷർട്ടിൽ പിടിച്ച് വലിച്ചിറക്കിയെന്ന് വിദ്യാർഥി പറഞ്ഞു. വിദ്യാർഥിയെ സ്കൂൾ ബസിൽനിന്ന് ഇറക്കിവിട്ടെന്ന പരാതിയിൽ വീഴ്ച സമ്മതിച്ച് SABTM സ്കൂൾ അധികൃതർ. കുട്ടി നേരിട്ത് വലിയ അപമാനം. കുട്ടിയെ ഇറക്കിവിട്ട ഇസ്മായിലിനെതിരെ നടപടിയെടുക്കുമെന്ന് ഹെഡ്മാസ്റ്റർ മുഹമ്മദ് റഫീഖ് പറഞ്ഞു. ഇസ്മായിൽ ജീവനക്കാരനല്ലെന്നും മാനേജ്മെന്റ് കമ്മിറ്റിയുടെ ഭാഗമെന്നും വിശദീകരണം.

# തീരുമാനം എന്റേയല്ല, യുഡിഎഫിന്റേത്; പി.വി.അൻവർ വിഷയത്തിൽ സതീശൻ

തിരു: പി.വി.അൻവറിന്റെ കാര്യത്തിൽ തീരുമാനം തൻന്റെയല്ല, യുഡിഎഫിന്റെതെന്ന് പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ. സ്ഥാനാർഥിയെ പിന്തുണച്ചാൽ അൻവറിനെ അസോസിയേറ്റ് മെമ്പറാക്കാം എന്നു പറഞ്ഞിരുന്നു. എന്നാൽ അൻവർ സ്ഥാനാർഥിക്കെതിരെ പറയുന്നത് തിരുത്താൻ തയാറായില്ല ചർച്ചയ്ക്കു നേതൃത്വം നൽകിയത് കുഞ്ഞാലിക്കുട്ടിയും രമേശ് ചെന്നിത്തലയുമായിരുന്നു. അവർ തന്നെ ഒടുവിൽ പറഞ്ഞു ആ ചാപ്റ്റർ ക്ലോസ് ചെയ്യാൻ. യു.ഡി.എഫിന്റെ പൈതൃകമാണത്, അഭിമാനം ചോദ്യംചെയ്യാൻ ആരെയും അനുവദിക്കില്ലെന്നും വി.ഡി.സതീശൻ പറഞ്ഞു.

തിരഞ്ഞെടുപ്പ് പറയാനുള്ളത് ജനങ്ങളിലെത്തിക്കാനുള്ള അവസരമാണ്. എന്നെപ്പോലും വിസ്മയിപ്പിച്ച സംഘടനാസംവിധാനമുള്ള സ്ഥലമാണ് നിലമ്പൂർ. പ്ലാൻ ചെയ്ത കാര്യങ്ങൾ കൃത്യമായി മുന്നോട്ടുപോകുന്നു. കർക്കശ നിലപാട് തന്നെ ദേഷ്യക്കാരനായി ചിത്രീകരിക്കാനിടയാക്കി. കഴിവുള്ള ഒരു രണ്ടാംനിര നേതൃത്വം കോൺഗ്രസിലുണ്ട്. വിമർശനങ്ങളെ പരസ്യമായി കാണുന്നു. എത്രസമയമാണ് എന്റെ പേര് പണം കൊടുത്ത് പരസ്യം നൽകാതെ ആവർത്തിക്കപ്പെടുന്നത്.

അൻവറുമായുള്ള കൂടിക്കാഴ്ചയിൽ രാഹുലിനെ വ്യക്തിപരമായി ശാസിച്ചെന്നും സതീശൻ. എന്റെ നേട്ടം കൂടെ യുവനിരയുള്ളതാണ്. യുവനിര മുതിർന്നവരെ ബൈപാസ് ചെയ്തു പോകണമെന്നാണ് ആഗ്രഹം. യുവനിരയെ പെരുന്തച്ചൻ കോംപ്ലെക്സോടെ നോക്കില്ല. കോൺഗ്രസിന് നേടാൻ കഴിയുന്ന പരമാവധി സീറ്റുകൾ നേടുകയാണ് ലക്ഷ്യം. മലബാറിൽ ലീഗിന്റെയും കോൺഗ്രസിന്റെയും സീറ്റുകൾ വർധിക്കും. യു.ഡി.എഫിന്റെ അടിത്തറ വിപുലമാക്കുന്ന വിസ്മയകരമായ പ്രഖ്യാപനം വരും. പ്രഖ്യാപനം എപ്പോഴുണ്ടാകുമെന്ന സമയം പറയാറായിട്ടില്ലെന്നും സതീശൻ.

ബിജെപി സിപിഎം ധാരണ നിലമ്പൂരിലുമെന്ന് വി.ഡി.സതീശൻ. ബിജെപി സ്ഥാനാർഥി മോഹൻ ജോർജ് കേരള കോൺഗ്രസ് അംഗമായിരുന്നില്ല. യുഡിഎഫ് വോട്ടുബാങ്കിൽ വിള്ളൽ വീഴ്ത്താമെന്ന് കരുതുന്നു, അത് വിലപ്പോവില്ലെന്നും സതീശൻ പറഞ്ഞു.

## 25 കുട്ടികളുമായി പോയ സ്കൂൾ ബസ് മറിഞ്ഞു; വിദ്യാർത്ഥികൾക്ക് പരിക്ക്

തിരു: തലസ്ഥാനത്ത് നഗരൂരിൽ സ്കൂൾ ബസ് വയലിലേക്ക് മറിഞ്ഞ് അപകടം. വെള്ളല്ലൂർ ഗവൺമെന്റ് എൽപി സ്കൂളിലെ ബസാണ് അപകടത്തിൽപ്പെട്ടത്. ഇന്ന് രാവിലെ ഒമ്പതരയോടെയാണ് അപകടമുണ്ടായത്. കുട്ടികളുമായി പോയ ബസ് റോഡിൽ നിന്ന് നിയന്ത്രണം നഷ്ടപ്പെട്ട് വയലിലേക്ക് മറിയുകയായിരുന്നു.

25 കുട്ടികളാണ് ബസിലുണ്ടായിരുന്നത്. അപകടത്തിൽ രണ്ട് കുട്ടികൾക്ക് പരിക്കേറ്റു. ഒരു കുട്ടിയുടെ കൈ ബസിനടിയിൽ കുടുങ്ങുകയായിരുന്നു. 23 കുട്ടികൾക്ക് സാരമായ പ്രശ്നങ്ങളില്ല. അപകടം നടന്നതിന് പിന്നാലെ നാട്ടുകാരടക്കം ചേർന്നാണ് ബസിലുണ്ടായിരുന്ന കുട്ടികളെ പുറത്തെത്തിച്ചത്.

## അൻവറിന്റെ പേരിൽ യുഡിഎഫിൽ പൊട്ടിത്തെറി, കോൺഗ്രസും ലീഗും തമ്മിൽ സംഘർഷം: എം.വി. ഗോവിന്ദൻ

നിലമ്പൂർ: നിലമ്പൂരിൽ എം. സ്വരാജിനെ സ്ഥാനാർഥിയായി പ്രഖ്യാപിച്ചതുമുതൽ ചരിത്രത്തിലില്ലാത്ത ആവേശമാണ് ജനങ്ങൾക്കെന്ന് സിപിഎം സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ. അതേസമയം, യുഡിഎഫിനകത്തുള്ള സംഘർഷം തുടരുകയാണെന്നും പരിഹരിക്കാൻ ഇതുവരെ സാധിച്ചില്ലെന്നും അദ്ദേഹം പറഞ്ഞു. പി.വി. അൻവറിനെ ഇപ്പോഴും യുഡിഎഫ് നേതൃത്വത്തിന് തള്ളാൻ സാധിക്കുന്നില്ലെന്നും അദ്ദേഹം പറഞ്ഞു.

എം. സ്വരാജ് കക്ഷിരാഷ്ട്രീയത്തിന് അതീതമായ പ്രഗത്ഭനായ നേതാവാണ്. ഏറ്റവും ശ്രദ്ധേയനായ രാഷ്ട്രീയനേതൃത്വം എന്ന നിലയിൽ സ്വരാജിന് ജനം അംഗീകാരം നൽകിവരുന്നു. സ്ഥാനാർഥി നിർണയംമുതൽ നിലമ്പൂരിന് പുറത്തും ഈ ആവേശം കാണാൻ സാധിക്കുന്നുണ്ടെന്നും എം.വി. ഗോവിന്ദൻ പറഞ്ഞു.

യുഡിഎഫിന്റെ ഗതികേട് കേരളം കണ്ടുകൊണ്ടിരിക്കുകയാണ്. പ്രത്യേക വിഭാഗമായി നാമനിർദേശ പത്രിക നൽകിയതിനുശേഷവും അൻവറുമായി ബന്ധപ്പെട്ട് ചർച്ച നടത്തുന്നുണ്ടെന്ന ധ്വനിയാണ് കോൺഗ്രസ് നേതൃത്വം പ്രകടിപ്പിക്കുന്നത്. യുഡിഎഫ് നേതൃത്വത്തിനും സ്ഥാനാർഥിക്കുമെതിരായി അക്കമിട്ട് അതിശക്തിയായ കടന്നാക്രമണം നടത്തിയ അൻവറിനെ തള്ളാൻ ഇപ്പോഴും കോൺഗ്രസ് നേതൃത്വത്തിനാകുന്നില്ല. വളരെ ദയനീയമാണ് യുഡിഎഫിന്റെ അവസ്ഥ. യുഡിഎഫിനകത്തും കോൺഗ്രസിനകത്തും അൻവർ വിഷയത്തിൽ പൊട്ടിത്തെറിയാണ് നടക്കുന്നത്. കോൺഗ്രസും ലീഗും തമ്മിൽ സംഘർഷമാണ്. കോൺഗ്രസിനകത്തും ഓരോ വിഭാഗക്കാർക്കിടയിലും സംഘർഷമാണ്. അത് തുടരുകയാണ്. പരിഹരിക്കാൻ ഇതുവരെ സാധിച്ചിട്ടില്ല, എം.വി. ഗോവിന്ദൻ പറഞ്ഞു.

നവകേരള സദസുമായി ബന്ധപ്പെട്ട് റിയാസ് ഫണ്ട് പിരിച്ചുവെന്ന പിവി അൻവറിന്റെ ആരോപണത്തിനും അദ്ദേഹം മറുപടി നൽകി. 150 കോടി രൂപ പ്രതിപക്ഷ നേതാവ് കൈക്കൂലി വാങ്ങി എന്ന് പറഞ്ഞതിന് മാപ്പുപറയാൻ പുറപ്പെട്ടയാളാണ് അൻവർ. തെളിവ് കൊണ്ടുവരട്ടെ, തങ്ങൾക്ക് അതിൽ ഒരു ഭയവും ഇല്ലെന്നും എം.വി. ഗോവിന്ദൻ പറഞ്ഞു.

## വിവാഹാഭ്യർഥന നിരസിച്ചു; പൊള്ളാച്ചിയിൽ മലയാളി യുവതിയെ യുവാവ് വീട്ടിൽക്കയറി കുത്തിക്കൊന്നു

പൊള്ളാച്ചി: പൊള്ളാച്ചി വടുകപാളയത്ത് വിവാഹത്തിന് വിസമ്മതിച്ച മലയാളി യുവതിയെ യുവാവ് കുത്തിക്കൊന്നു.

പൊൻമുത്തു നഗറിൽ താമസിക്കുന്ന കണ്ണന്റെ മകൾ അശിത(19)യാണ് കൊല്ലപ്പെട്ടത്. സംഭവത്തിൽ ഉദുമൽപേട്ട റോഡ് അണ്ണാമലയാർ നഗറിൽ താമസിക്കുന്ന പ്രവീൺകുമാർ പോലീസ് സ്റ്റേഷനിൽ കീഴടങ്ങി.

തൃശൂർ സ്വദേശിയായ കണ്ണനും കുടുംബവും വർഷങ്ങളായി പൊള്ളാച്ചിയിലാണ് താമസം. കോയമ്പത്തൂരിലെ സ്വകാര്യ കോളേജിലെ വിദ്യാർഥിയാണ് അശിത. സ്വകാര്യ കമ്പനി ജീവനക്കാരനാണ് പ്രവീൺകുമാർ. ഇവർ അടുപ്പത്തിലായിരുന്നുവെന്നും വിവാഹം കഴിക്കാൻ താത്പര്യം അറിയിച്ചപ്പോൾ അശിത ഒഴിഞ്ഞുമാറുകയായിരുന്നെന്നും പറയുന്നു.

ഫോണിൽ വിളിച്ചിട്ടും പ്രതികരിക്കാതായതിനെത്തുടർന്ന് പ്രകോപിതനായ പ്രവീൺകുമാർ അശിതയുടെ വീട്ടിലെത്തി. ഈ സമയം വേറെ ആരും വീട്ടിൽ ഉണ്ടായിരുന്നില്ല. തുടർന്ന്, ഇരുവരും തമ്മിൽ വാക്കുതർക്കം ഉണ്ടാവുകയും ഇതിനിടെ പ്രവീൺകുമാർ കത്തികൊണ്ട് കുത്തുകയുമായിരുന്നു.

സംഭവശേഷം പ്രതി രക്ഷപ്പെട്ടു. പെൺകുട്ടിയുടെ നിലവിളി കേട്ട് അയൽക്കാർ ഓടിയെത്തിയപ്പോൾ അശിത ചോരയിൽകുളിച്ചു കിടക്കുകയായിരുന്നു. ഉടൻതന്നെ രക്ഷിതാക്കളെ അറിയിച്ചു. അച്ഛൻ കണ്ണൻ വീട്ടിലെത്തി മകളെ സർക്കാർ ആശുപത്രിയിൽ എത്തിച്ചെങ്കിലും രക്ഷിക്കാനായില്ല.

പൊള്ളാച്ചി എഎസ്പി സൃഷ്ടിസിങ് സ്ഥലത്തെത്തി അന്വേഷണം നടത്തുന്നതിനിടെയാണ് പ്രവീൺ നേരിട്ട് പൊള്ളാച്ചി താലൂക്ക് പോലീസ് സ്റ്റേഷനിലെത്തി കീഴടങ്ങിയത്.

## കർണാടകയിൽ വൻ ബാങ്ക് കൊള്ള; കവർന്നത് 59 കിലോ സ്വർണം

ബെംഗളൂരു: കർണാടകയിൽ വൻ ബാങ്ക് കൊള്ള. കനറാ ബാങ്കിന്റെ വിജയപുര മനഗുള്ളി ശാഖയിലാണ് കോടികളുടെ കവർച്ച നടന്നത്. ബാങ്കിലെ സ്ട്രോങ് റൂമിൽ സൂക്ഷിച്ചിരുന്ന 59 കിലോ സ്വർണവും 5.20 ലക്ഷം രൂപയും കവർന്നതായാണ് പരാതി. നഷ്ടപ്പെട്ട സ്വർണത്തിന് ഏകദേശം 53 കോടിയോളം രൂപ വിലവരും.

മേയ് 23-ന് വൈകീട്ട് ഏഴുമണിക്കും മേയ് 25 രാവിലെ 11.30-നും ഇടയിലാണ് കവർച്ച നടന്നതെന്നാണ് നിഗമനം. മേയ് 23 ആയിരുന്നു ബാങ്കിന്റെ അവസാന പ്രവൃത്തിദിവസം. 24, 25 തീയതികളിൽ ബാങ്ക് അവധിയായിരുന്നു. മേയ് 25-ന് രാവിലെ 11.30-ഓടെ ബാങ്കിലെ ഒരു ജീവനക്കാരനാണ് പ്രധാന ഷട്ടറിന്റെ പൂട്ടും ഗ്രില്ലുകളും തകർത്തനിലയിൽ കണ്ടത്. ഇദ്ദേഹം ഉടനെ ബ്രാഞ്ച് ഇൻ ചാർജിനെ വിവരമറിയിച്ചു. തുടർന്ന് ബാങ്കിന്റെ റീജിയണൽ മേധാവിക്കും വിവരം കൈമാറി. ഉച്ചയ്ക്ക് ഒരുമണിയോടെ റീജിയണൽ ഓഫീസിലെ ഉദ്യോഗസ്ഥരടക്കം ബാങ്കിലെത്തി നടത്തിയ പരിശോധനയിലാണ് കവർച്ച സ്ഥിരീകരിച്ചത്. തുടർന്ന് സ്ട്രോങ് റൂമിലെ വിവിധ അലമാരകൾ പരിശോധിച്ചാണ് നഷ്ടപ്പെട്ട സ്വർണത്തിന്റെ അളവ് തിട്ടപ്പെടുത്തിയത്.

ബാക്കിയുള്ള സ്വർണവും നഷ്ടപ്പെട്ട സ്വർണവും ഉൾപ്പെടെ കണക്കുകൂട്ടി തിട്ടപ്പെടുത്താൻ സമയമെടുത്തതായും ഇതേത്തുടർന്നാണ് പോലീസിൽ പരാതി നൽകാൻ വൈകിയതെന്നുമാണ് വിവരം. കവർച്ച നടത്തിയവർ ബാങ്കിലെ സിസിടിവി ക്യാമറകൾ അഴിച്ചെടുക്കുകയും ഹാർഡ് ഡിസ്ക് ഉൾപ്പെടെ മോഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

അതിനിടെ, ദുർമന്ത്രവാദത്തിന് ഉപയോഗിക്കുന്ന ചില വിചിത്രരൂപങ്ങളും സംഭവസ്ഥലത്തുനിന്ന് കണ്ടെത്തിയിട്ടുണ്ട്. എന്നാൽ, ഇത് അന്വേഷണം വഴിതെറ്റിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായെന്നാണ് പോലീസിന്റെ നിഗമനം. എട്ട് സംഘങ്ങളായി തിരിഞ്ഞ് അന്വേഷണം ആരംഭിച്ചതായി ജില്ലാ പോലീസ് സൂപ്രണ്ട് ലക്ഷ്മൺ നിംബാർഗി മാധ്യമങ്ങളോട് പറഞ്ഞു.

## ഒഡിഷയിൽ ബജ്റംഗ്ദൾ പ്രവർത്തകർ കന്യാസ്ത്രീയെ ആക്രമിച്ചു

ഭുവനേശ്വർ: ഒഡിഷയിൽ കന്യാസ്ത്രീയെ ബജ്റംഗ്ദൾ പ്രവർത്തകർ ട്രെയിനിൽനിന്ന് പിടിച്ചിറക്കി ആക്രമിച്ചു. മതപരിവർത്തനം ആരോപിച്ചാണ് 29-കാരിയായ കന്യാസ്ത്രീയെ ആക്രമിച്ചത്. മേയ് 31-ന് രാത്രിയിൽ രാജധാനി എക്സ്പ്രസിൽ സഞ്ചരിക്കുമ്പോഴായിരുന്നു സംഭവം.

ട്രെയിനിൽ കന്യാസ്ത്രീയോടൊപ്പം മറ്റു നാലുപേരും ഉണ്ടായിരുന്നു. കന്യാസ്ത്രീയുടെ പ്രായപൂർത്തിയാകാത്ത സഹോദരനും കൂടെ ഉണ്ടായിരുന്നു. ഇവരെ കണ്ട ബജ്റംഗ്ദൾ പ്രവർത്തകൾ, കന്യാസ്ത്രീ കുട്ടിക്കടത്തും മതപരിവർത്തനവും നടത്തുകയാണെന്നാരോപിച്ച് ബലം പ്രയോഗിച്ച് കോർബ സ്റ്റേഷനിൽ ഇറക്കുകയായിരുന്നു. രാത്രി പതിനൊന്ന് മണിക്കായിരുന്നു സംഭവം.താൻ കന്യാസ്ത്രീയാണെന്നും കാലങ്ങളോളം കത്തോലിക്കാ സഭയുടെ വിശ്വാസിയാണെന്നും പറഞ്ഞ് ഐഡി കാർഡുകളടക്കം കാണിച്ചെങ്കിലും ബജ്റംഗ്ദൾ പ്രവർത്തകർ വെറുതെവിട്ടില്ലെന്നും ആൾക്കൂട്ട വിചാരണനടത്തിയെന്നുമാണ് പരാതി. പിന്നീട് പോലീസും മനുഷ്യാവകാശ പ്രവർത്തകരും ഇടപെട്ട് ഇവരെ രക്ഷപ്പെടുത്തുകയായിരുന്നു.

## മെഡിക്കൽ റെപ്രസെന്റേറ്റീവുമാർ സർക്കാർ ആശുപത്രികളിൽ ചെന്ന് ഡോക്ടർമാരെ കാണരുത്; വിലക്കി കേന്ദ്രം

ന്യൂഡൽഹി: മെഡിക്കൽ റെപ്രസെന്ററ്റീവുമാർ സർക്കാർ ആശുപത്രികളിൽച്ചെന്ന് ഡോക്ടർമാരെ കാണുന്നത് വിലക്കി കേന്ദ്രസർക്കാർ ഉത്തരവിറക്കി. ഡയറക്ടർ ജനറൽ ഓഫ് ഹെൽത്ത് സർവീസസ് സ്മിത ശർമയാണ് കേന്ദ്രസർക്കാർ ആശുപത്രികളുടെ തലവന്മാർക്ക് ഈ ഉത്തരവ് കൈമാറിയത്. ഡോക്ടർമാരും ഫാർമസി കമ്പനികളും തമ്മിലുള്ള അവിശുദ്ധ ബന്ധം തടയുന്നതിന്റെ ഭാഗമായാണ് കേന്ദ്രസർക്കാരിന്റെ ഈ നടപടി.

ഈ നിർദേശം നടപ്പാക്കുന്നതിനുള്ള നിർദേശം എല്ലാ ജീവനക്കാർക്കും ആശുപത്രി മേധാവികൾ നൽകണമെന്നും ഡയറക്ടർ ജനറൽ ഓഫ് ഹെൽത്ത് സർവീസസ് നിർദേശിച്ചിട്ടുണ്ട്. നിർദേശം നടപ്പാക്കുന്നതിന് എടുത്ത നടപടികൾ ഡയറക്ടർ ജനറൽ ഓഫ് ഹെൽത്ത് സർവീസസിനെ അറിയിക്കാനും നിർദേശിച്ചിട്ടുണ്ട്. സാമ്പിൾ മരുന്നുകൾ, ഉപഹാരങ്ങൾ തുടങ്ങിയവ നൽകി മെഡിക്കൽ റെപ്രസെന്റേറ്റീവുമാർ ഡോക്ടർമാരെ സ്വാധീനിക്കുന്നത് തടയുന്നതിന്റെ ഭാഗമായാണ് ഈ നടപടി.

രോഗികളെ ചികിത്സിക്കുന്ന സമയം മെഡിക്കൽ റെപ്രസെന്റീവുമാർ അപഹരിക്കുന്നുവെന്നും കണ്ടെത്തിയിരുന്നു. ഇതും കേന്ദ്രസർക്കാരിന്റെ പുതിയ തീരുമാനത്തിന് കാരണമായതായാണ് സൂചന.

ചികത്സ, പരിശോധന തുടങ്ങിയവയുമായി ബന്ധപ്പെട്ട പുതിയ പുരോഗതികൾ ഇ-മെയിൽ ഉൾപ്പടെയുള്ള ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെ മാത്രമേ മെഡിക്കൽ റെപ്രസെന്ററ്റീവുമാർ സർക്കാർ ഡോക്ടർമാരെ അറിയിക്കാവൂ. ഇത് കൂടുതൽ സുതാര്യത ഉറപ്പുവരുത്തുമെന്നാണ് സർക്കാരിന്റെ വിലയിരുത്തൽ.

## ലോറികളിലെ തടിപ്പെട്ടികളിൽ 117 ഡ്രോണുകൾ; പുടിൻ അറിഞ്ഞത് 5000കിമീ വന്നശേഷം; അവിശ്വസനീയ സാങ്കേതികവിദ്യ



മോസ്കോ: ജൂൺ ഒന്നിന് തേനീച്ചക്കൂട്ടം പോലെ പറന്നിറങ്ങിയ യുക്രയിൻ ഡ്രോണുകൾ അക്ഷരാർത്ഥത്തിൽ റഷ്യയെ ഞെട്ടിച്ചു. റഷ്യയിലെ അഞ്ച് വ്യോമതാവളങ്ങളിൽ നടത്തിയ ആക്രമണം ആധുനിക യുദ്ധ ശൈലിയിൽ പുതിയൊരു യുഗത്തിനാണ് തുടക്കമിട്ടത്. യുക്രയിൻ സുരക്ഷാ ഏജൻസിയായ എസ്ബിയു നടത്തിയ ആക്രമണത്തിനു പിന്നിൽ ഒന്നര വർഷത്തെ ആസൂത്രണമുണ്ടെന്നാണ് റിപ്പോർട്ടുകൾ. 'ഓപ്പറേഷൻ സ്പൈഡേഴ്സ്വെബ്' എന്നാണ്ഈ ഡ്രോൺ ആക്രമണം അറിയപ്പെടുന്നത്.

തന്ത്രങ്ങളുടേയും കുതന്ത്രങ്ങളുടേയും സാങ്കേതികവിദ്യയുടേയും കാര്യത്തിൽ അതികായരാണ് പുടിനും പുടിന്റെ റഷ്യയും, പക്ഷേ യുക്രയിന്റെ ഈ രഹസ്യനീക്കം റഷ്യ അറിഞ്ഞില്ലെന്നത് വലിയ നാണക്കേടാണ് സൃഷ്ടിച്ചത്. ഡ്രോണുകൾ ഉപയോഗിച്ചുള്ള ആദ്യത്തെ സർജിക്കൽ സ്ട്രൈക്ക് ആകാം യുക്രയിൻ സൈന്യം റഷ്യയിൽ നടത്തിയതെന്നാണ് വിവരം. റഷ്യയുടെ 5000കിലോമീറ്ററിലധികം ഉള്ളിലേക്ക് കരമാർഗം 117 ഡ്രോണുകൾ ലോറികളിൽ അയച്ച് തകർക്കാനുദ്ദേശിച്ച വ്യോമതാവളങ്ങളുടെ തൊട്ടടുത്തെത്തി, അവിടെനിന്നും ഒറ്റ പ്രഹരം. റഷ്യയുടെ ഇടനെഞ്ചിൽ തന്നെ കൊണ്ടു.

സുരക്ഷാ സംവിധാനങ്ങളും റഷ്യൻ സൈന്യത്തേയും മറികടന്ന് കരമാർഗം ഇത്രദൂരം യുക്രയിൻ എങ്ങനെയെത്തിയെന്നതിൽ ഇന്നും ഉത്തരം കിട്ടിയിട്ടില്ല. മാത്രമല്ല ഈ ആക്രമണത്തിനുപയോഗിച്ച സാങ്കേതികവിദ്യയും അവിശ്വസനീയമാണ്. പ്രഹരിക്കേണ്ട സമയമായപ്പോൾ അകലെനിന്ന് റിമോട്ട് കൺട്രോളിലൂടെ അവ പ്രവർത്തിപ്പിച്ചു.

റഷ്യയുടെ 40ലേറെ വമ്പൻ ബോംബർ വിമാനങ്ങൾ ആക്രമിക്കപ്പെട്ടെന്നാണ് വിവരം. 13എണ്ണം പൂർണമായും തകർന്നു. ബാക്കിയുള്ളവയ്ക്ക് കേടുപാടുകൾ സംഭവിച്ചു. റഷ്യക്ക് കുറഞ്ഞത് 200കോടി ഡോളർ നഷ്ടമുണ്ടാകുമെന്ന് ആക്രമണത്തിനു പിന്നാലെ യുക്രയിൻ വിലയിരുത്തി. സൈനിക നഷ്ടം സാരമില്ലാത്തതാണ്, തുപ്പലേവ് 95,22, ബെറിയേവ് എ 50 തുടങ്ങിയ പഴയ തലമുറ വിമാനങ്ങളാണ് ആക്രമിക്കപ്പെട്ടത്.

ആയുധനഷ്ടത്തേക്കാൾ റഷ്യയെ ആശങ്കപ്പെടുത്തുന്നത് അവർക്കേറ്റ അപമാനമാണ്. റഷ്യൻ സുരക്ഷാ സംവിധാനത്തിന്റെ പ്രതിഛായക്ക് മങ്ങലേറ്റു. ഇത്രയധികം ഡ്രോണുകൾ റഷ്യയുടെ അകത്തളങ്ങളിലേക്ക് എത്തിയിട്ടും റഷ്യയും പുട്ടിനും അറിയാതെ പോയിഎന്നത് വലിയ നാണക്കേടാണ് സൃഷ്ടിക്കുന്നത്. ഒന്നരക്കൊല്ലമായി ഞങ്ങൾ ഈ പണിപ്പുരയിലായിരുന്നുവെന്നാണ് യുക്രയിൻ അവകാശപ്പെട്ടത്. റിമോട്ട് സാങ്കേതികവിദ്യ ഉപയോഗിച്ച് പ്രഹരം നടത്തുന്നതിനു മുൻപേ അതിൽ പ്രവർത്തിച്ചവരെ തിരിച്ച് യുക്രയിനിലെത്തിക്കാൻ സാധിച്ചെന്നും വ്ലാദിമിർ സെലൻസ്കി അഭിമാനത്തോടെ പറയുന്നു. റഷ്യൻ ചാരക്കണ്ണുകൾക്കു മുൻപിലൂടെ വന്ന് ആക്രമണം നടത്തി അവർക്ക് മുൻപിലൂടെ തന്നെ രക്ഷപ്പെട്ടുവെന്ന് സാരം.

ലോറികളിലെ തടിപ്പെട്ടികളിലാണത്രേ ഡ്രോണുകൾ ഒളിപ്പിച്ചത്. പെട്ടികളുടെ വാതിൽ തുറക്കാനുള്ള സംവിധാനം നിയന്ത്രിച്ചത് യുക്രയിനിൽ നിന്നാണ്.

വാതിൽ തുറക്കുന്ന മുറക്ക് റഷ്യൻ വ്യോമതാവളങ്ങൾ ചുട്ടെരിക്കാനുള്ള ദൗത്യവുമായി ഡ്രോണുകൾ ഒന്നൊന്നായി പട്ടാപ്പകൽ പറന്നുപൊങ്ങി. കാമറക്കണ്ണുകളുള്ള ഡ്രോണുകൾ തത്സമയ ദൃശ്യങ്ങൾ യുക്രയിനിലേക്ക് അയച്ചുകൊടുത്തു.

## സ്കൂട്ടർ നിയന്ത്രണം വിട്ട് മറിഞ്ഞ് യുവാവിന് പരിക്ക്

കേച്ചേരി : ഇയ്യാൽ അമ്പലത്തിന് സമീപം സ്കൂട്ടർ നിയന്ത്രണം വിട്ട് മറിഞ്ഞ് തൃത്താല കക്കാട്ടിരി സ്വദേശി മാരിയിൽ പടിഞ്ഞാറിൽ വീട്ടിൽ രാമചന്ദ്രൻ മകൻ സുജിത്ത്(32) ന് പരിക്ക് പറ്റി. സുജിത്തിനെ കേച്ചേരി ആക്ടസ് പ്രവർത്തകർ കുന്നംകുളം മലങ്കര ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

## കോട്ടയത്ത് ബാറിന്റെ പാർക്കിങ് ഏരിയയിൽ കാറിനുള്ളിൽ യുവാവ് മരിച്ചനിലയിൽ

കോട്ടയം: മണർകാട് ബാറിന്റെ പാർക്കിങ് ഗ്രൗണ്ടിൽ യുവാവിനെ മരിച്ചനിലയിൽ കണ്ടെത്തി. മണർകാട് സ്വദേശിയായ ശങ്കരശേരിൽ മാന്തറപ്പറമ്പിൽ എം.വി മഹേഷി (42) നെയാണ് കാറിനുള്ളിൽ മരിച്ച നിലയിൽ കണ്ടെത്തിയത്.

മണർകാട്ടെ ബാറിന്റെ പാർക്കിങ് ഏരിയയിൽ തിങ്കളാഴ്ച വൈകുന്നേരം 4.30-ഓടെയാണ് മരിച്ചനിലയിൽ കണ്ടെത്തിയത്. ബാറിൽനിന്ന് പുറത്തെത്തിയശേഷം വിശ്രമിക്കുന്നതിനായിരുന്നു മഹേഷ് കാറിൽ കയറിയത്. ജീവനക്കാർ എത്തി പരിശോധിച്ചപ്പോഴാണ് അബോധാവസ്ഥയിൽ കണ്ടെത്തിയത്. മണർകാട് പോലീസ് സ്ഥലത്തെത്തിയാണ് കാറിൽ നിന്ന് പുറത്തെടുത്ത് മണർകാട് സ്വകാര്യ ആശുപത്രിയിൽ എത്തിച്ചത്. എന്നാൽ, മരണം സംഭവിച്ചിരുന്നു. പോലീസ് അസ്വാഭാവിക മരണത്തിന് കേസെടുത്തു.

## പി.വി അൻവറിന്റെ ഒരു പത്രിക തള്ളി; തൃണമൂൽ സ്ഥാനാർഥിയായി മത്സരിക്കാനാവില്ല

മലപ്പുറം: പി.വി അൻവറിന്റെ ഒരു സെറ്റ് പത്രിക തള്ളി. അൻവറിന് തൃണമൂൽ കോൺഗ്രസ് സ്ഥാനാർഥിയായി മത്സരിക്കാനാവില്ല. എന്നാൽ, മറ്റൊരു സെറ്റ് പത്രിക കൂടി നൽകിയിട്ടുള്ളതിനാൽ അൻവറിന് സ്വതന്ത്രനായി മത്സരിക്കാൻ സാധിക്കും.

തൃണമൂൽ സ്ഥാനാർത്ഥിയായി പി വി അൻവർ സമർപ്പിച്ച പത്രികയിൽ പ്രശ്നമുണ്ടെന്ന് വരണാധികാരി അറിയിച്ചു. സാങ്കേതിക പ്രശ്നത്തെ തുടർന്നാണ് പത്രികെ തള്ളിയതെന്നാണ് വിവരം. ടി എം സി ദേശീയ പാർട്ടി അല്ലാത്തതിനാൽ നോമിനേഷനിൽ 10 പേർ ഒപ്പ് ഇടണമായിരുന്നു. അത് ചെയ്തിട്ടില്ലെന്ന് കണ്ടെത്തിയതിനെ തുടർന്നാണ് പത്രിക തള്ളിയിരിക്കുന്നതെന്നാണ് വിവരം.

നിലമ്പൂർ ഉപതിരഞ്ഞെടുപ്പിൽ തൃണമൂൽ കോൺഗ്രസ് സ്ഥാനാർഥിയായി മത്സരിക്കുന്ന പി.വി.അൻവർ അന്തരിച്ച കോൺഗ്രസ് നേതാവ് വി.വി.പ്രകാശിന്റെ വീട്ടിൽ സന്ദർശനം നടത്തിയിരുന്നു. നാമനിർദേശ പത്രിക സമർപ്പിച്ച ശേഷം പ്രചാരണത്തിന്റെ തുടക്കമിടാനായിട്ടാണ് അൻവർ മുൻ ഡി.സി.സി അധ്യക്ഷനും 2021-ൽ തന്റെ എതിർ സ്ഥാനാർഥിയുമായിരുന്ന വി.വി.പ്രകാശിന്റെ എടക്കരയിലെ വീട്ടിലെത്തിയത്.

വി.വി.പ്രകാശിന്റെ ഭാര്യ സ്മിതയോടും മക്കളോടും അൻവർ വോട്ടഭ്യർഥിച്ചു. എന്നാൽ എന്നും കോൺഗ്രസിനൊപ്പം നിൽക്കുമെന്ന് സ്മിത പിന്നീട് പ്രതികരിച്ചു. 'വി.വി.പ്രകാശ് മരിച്ചപ്പോൾ പുതപ്പിച്ചത് കോൺ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

ലയൺസ് ഇന്റർനാഷണൽ റീജിയണൽ കോൺഫറൻസിൽ സുസ്ത്യർഹമായ സേവനങ്ങൾക്ക് ലയൺ അഡ്വ സി. ടി ജോഫി MJF നെ റീജിയൺ ചെയർമാൻ ലിജോ ജോർജ്കുട്ടി ഷാൾ അണിയിച്ച് ആദരിക്കുന്നു.

# ജില്ലാ തല സ്കൂൾ പ്രവേശനോത്സവം; മന്ത്രി കെ രാജൻ ഉദ്ഘാടനം നിർവഹിച്ചു

തൃശൂർ: കളിചിരികളുടെ ആരവങ്ങളും പുത്തൻ പ്രതീക്ഷകളുമായി വിദ്യാലയമുറ്റത്ത് അക്ഷരമധുരം നുകരാൻ അവരെത്തി. മാതാപിതാക്കളെ വിട്ടുപിരിഞ്ഞ നോവും പരിഭവവും മാറ്റി കളിക്കോപ്പുകളുടെയും പുസ്തകങ്ങളുടെയും നിറക്കാഴ്ചകളിൽ ഒന്നുചേർന്ന് അവർ ഒന്നാം തരത്തിലേക്കുള്ള പ്രവേശനം ആഘോഷമാക്കി. പുതിയ അധ്യയന വർഷത്തിൽ ജില്ലയിലെ സ്കൂളുകളിൽ കാൽ ലക്ഷം കുട്ടികളാണ് ഒന്നാം ക്ലാസിൽ ചേർന്നത്. കുഞ്ഞുങ്ങളെ ചേർത്തു നിർത്താനൊരുങ്ങിയ വിദ്യാലയങ്ങളിലെല്ലാം ഇന്നലെ പ്രവേശനോത്സവം നടന്നു. ജില്ലാ തല പ്രവേശനോത്സവം റവന്യൂ, ഭവന നിർമ്മാണ വകുപ്പ് മന്ത്രി കെ. രാജൻ ഉദ്ഘാടനം ചെയ്തു.

കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് ഒരു പുതിയ അന്തരീക്ഷം ഉയർന്ന് വരികയാണ്. പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിലൂടെ കേരള വിദ്യാഭ്യാസ രംഗത്തിന്റെ അലകും പിടിയും മാറിയ അനുഭവങ്ങൾ ഏത് വിദ്യാലയത്തിലെത്തിയാലും കാണാമെന്ന് മന്ത്രി പറഞ്ഞു. ഒറ്റപ്പെട്ടുപോയ ജനതയുടെ വികാരങ്ങളെ കൂടി പ്രതിഫലിപ്പിക്കാവുന്നതാകണം വിദ്യാഭ്യാസ രംഗമെന്നും മന്ത്രി പറഞ്ഞു.

വേനലവധിക്ക് ശേഷം വിദ്യാലയങ്ങളുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്ന ആദ്യ ആഴ്ചയിൽ പാഠപുസ്തകത്തിനപ്പുറത്ത് വിദ്യാലയങ്ങളിൽ ചർച്ച ചെയ്യേണ്ട ചില പൊതു വിഷയങ്ങളെയും ശീലങ്ങളെയും കുറിച്ച് മന്ത്രി വിശദീകരിച്ചു. വിദ്യാഭ്യാസം കേവലം പരീക്ഷയ്ക്ക് മാർക്ക് വാങ്ങാൻ കുട്ടികളെ പ്രേരിപ്പിക്കേണ്ട അടിത്തറയല്ല. മറിച്ച്, നമ്മുടെ സമൂഹത്തിൽ വിവേകത്തോടെയും വിവരത്തോടെയും വിജ്ഞാനത്തോടെയും വിവേചനരഹിതമായും ഇടപെടാൻ കഴിയുന്ന ഒരു സമൂഹത്തെ വളർത്തിയെടുക്കാനുള്ള അടിസ്ഥാനപരമായ ധാരണയാണെന്ന് നമുക്ക് തിരിച്ചറിയാൻ കഴിയണമെന്ന് മന്ത്രി പറഞ്ഞു.

കഴിഞ്ഞ ഒൻപത് വർഷങ്ങളിലായി പുത്തൂർ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ 15 കോടി രൂപ ചെലവിട്ടു നടത്തിയ വിവിധ വികസന പ്രവർത്തനങ്ങളെ കുറിച്ച് മന്ത്രി സംസാരിച്ചു. ഓണാവധിക്ക് ശേഷം പുത്തൂർ സുവോളജിക്കൽ പാർക്കിന്റെ വാതായനങ്ങൾ ലോകത്തിനായി തുറക്കുന്ന സമയത്ത് ജനപ്രതിനിധികളും പുത്തൂർ സ്കൂളിലെ വിദ്യാർത്ഥികളും അദ്ധ്യാപകരും പൊതുജനങ്ങളും ചേർന്ന് വിദ്യാലയത്തിൽ നിന്ന് സുവോളജിക്കൽ പാർക്കിലേക്ക് വർണ്ണാഭമായ ഘോഷയാത്ര നടത്തുമെന്നും മന്ത്രി പറഞ്ഞു.

മക്കളെ ആരാക്കണമെന്ന ചോദ്യം കമ്പോളം നമ്മുടെ മുന്നിൽ വന്നു ചോദിച്ചാൽ ശിരസ്സുയർത്തിപ്പിടിച്ച് മക്കളെ മനുഷ്യരാക്കണം എന്ന ഉത്തരം പറയുന്ന തരത്തിൽ മനുഷ്യരായ മക്കളോടൊപ്പം സ്വതന്ത്രമായി യാത്ര ചെയ്യാവുന്ന ഒരു കാലം മലയാളിക്ക് ഉണ്ടാവട്ടെയെന്ന് മന്ത്രി കൂട്ടിച്ചേർത്തു.

വർണ്ണാഭമായ ഘോഷയാത്രക്ക് ശേഷം പുത്തൂർ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ നടന്ന ജില്ലാതല പ്രവേശനോത്സവത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിച്ച സംസ്ഥാനതല പ്രവേശനോത്സവ ഉദ്ഘാടനം തത്സമയം പ്രദർശിപ്പിച്ചു. പ്രവേശനോത്സവ ഗാനത്തിന്റെ നൃത്താവിഷ്കാരം വിദ്യാർത്ഥികൾ അവതരിപ്പിച്ചു. പ്രവേശനോത്സവ ഗാനം അധ്യാപകരും വിദ്യാർത്ഥികളും ചേർന്ന് ആലപിച്ചു. എൽ എസ് എസ് , യു എസ് എസ് , എൻ എം എം എസ് സ്കോളർഷിപ്പ് നേടിയ വിദ്യാർത്ഥികളെയും ഇന്റർനാഷനൽ വേൾഡ് ബുക്ക് ഓഫ് റെക്കോർഡ് സിൽ ഇടം നേടിയ വിദ്യാർത്ഥി ത്രിലോക്നാഥിനെയും കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നിന്നും ഡോക്ടറേറ്റ് നേടിയ ഹൈസ്കൂൾ ഗണിതശാസ്ത്ര അധ്യാപിക എ. എസ് സരിതയെയും ചടങ്ങിൽ അനുമോദിച്ചു. മാലിന്യമുക്ത നവകേരള പ്രതിജ്ഞ എല്ലാവരും ഏറ്റു ചൊല്ലി. ശുചിത്വ മിഷന്റെ ശുചിത്വ പോസ്റ്റർ പ്രകാശനവും ചടങ്ങിന്റെ ഭാഗമായി നടന്നു. കുട്ടികളുടെ കലാപരിപാടികൾ പ്രവേശനോത്സവത്തെ വർണാഭമാക്കി. തൃശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി. എസ് പ്രിൻസ് പ്രവേശനോത്സവ ചടങ്ങിന് അധ്യക്ഷത വഹിച്ചു . ജില്ലാ കളക്ടർ അർജുൻ പാണ്ഡ്യൻ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ലതാ ചന്ദ്രൻ, ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ ആർ രവി, പുത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മിനി ഉണ്ണികൃഷ്ണൻ തുടങ്ങിയവർ വിശിഷ്ടാതിഥികളായി.

എസ് എസ് കെ-ഡി പി സി ഡോ. എൻ. ജെ ബിനോയ് പദ്ധതി വിശദീകരണം നടത്തി. ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികൾ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ രോഹിത് നന്ദകുമാർ, ജി വി എച്ച് എസ് എസ് പുത്തൂരിലെയും ജി എൽ പി എസ് പുത്തൂരിലെയും അധ്യാപകർ, വിദ്യാർത്ഥികൾ, ഉദ്യോഗസ്ഥർ, തുടങ്ങിയവർ പങ്കെടുത്തു.

## ആക്ട്സ് വാർഷികം

ഗുരുവായൂർ:പതിനെട്ട് വർഷമായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ആക്ട്സ് ഗുരുവായൂരിന്റെ വാർഷിക സമ്മേളനം ലയൺസ് ക്ലബ്ബ് ഹാളിൽ പ്രസിഡണ്ട് കെ.പി.എ. റഷീദിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. നഗരസഭ ചെയർമാൻ എം. കൃഷ്ണദാസ് ഉൽഘാടനം ചെയ്തു.

ആക്ട്സ് കുടുംബാംഗങ്ങളുടെ മക്കളിൽ എസ് എസ് എൽ സി, പ്ലസ് ടു പരീക്ഷയിൽ മുഴുവൻ വിഷയങ്ങളിൽ എപ്ലസ് ലഭിച്ച വിദ്യാർഥികളെയും എൽ എസ് എസ് /യു എസ് എസ് സ്കോളർഷിപ്പ് പരീക്ഷകളിൽ വിജയം നേടിയ വിദ്യാർഥികളേയും വളണ്ടിയർമാരേയും അനുമോദിച്ചു. സപ്ലിമെന്റ് പ്രകാശനം രക്ഷാധികാരി പി.കെ. ചെറിയാൻ നിർവ്വഹിച്ചു.ജില്ലാ സെക്രട്ടറി എ.എഫ് ജോണി മുഖ്യപ്രഭാഷണം നടത്തി.

നഗരസഭ പ്രതിപക്ഷനേതാവ് കെ.പി.ഉദയൻ,കൗൺസിലർമാരായ സുബിത സുധീർ ശോഭ ഹരിനാരായണൻ, ടെബിൾ പോലീസ് സ്റ്റേഷൻ SHO ജി അജയ് കുമാർ, പി. ഐ. സൈമൺ, സി ഡി ജോൺസൺ ഫൈസൽപേരകം, ജില്ലാ കൺവീനർ സലിം എന്നിവർ ആശംസ നേർന്നു. സെക്രട്ടറി പ്രസാദ് പട്ടണത്ത് സ്വാഗതവും, സ്റ്റീഫൻ ജോസ് പ്രവർത്തനറിപ്പോർട്ടും, ട്രഷറർ കാരയിൽ നാരായണൻ നന്ദിയും പറഞ്ഞു.

## ജില്ലാലൈബ്രറി കൗൺസിൽ വികസന സമിതിയുടെ പുസ്തകോത്സവം

തൃശൂർ: ജില്ലാലൈബ്രറി കൗൺസിൽ വികസന സമിതിയുടെ പുസ്തകോത്സവം തൃശൂർ എം ജി റോഡ് ശ്രീശങ്കര ഹാളിൽ (എം ടി നഗർ)തുടങ്ങി. 5ന് സമാപിക്കും.തൃശൂർ ജില്ലയിലെ അഞ്ഞൂറോളം ഗ്രന്ഥശാലകൾ പുസ്തകങ്ങൾ തിരഞ്ഞെടുക്കുന്നു നൂറ് പ്രസാധകർ പങ്കെടുക്കുന്നു. തൃശൂർ ജില്ലാലൈബ്രറി കൗൺസിൽ തൃശൂർ ജില്ലാ പ്രസിഡന്റ് മുരളി പെരുനെല്ലി എം.എൽ.എ. പുസ്തകോത്സവം ഉൽഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് കെ.എൻ. ഭരതൻ അദ്ധ്യക്ഷത വഹിച്ചു. ജില്ലാസെക്രട്ടറിവി കെ. ഹാരിഫാബി, പി.തങ്കം ടീച്ചർ, സി.ആർ. ദാസ് ഡോ:സി രാവുണ്ണി, എം എൻ. വിനയകുമാർ പ്രൊഫ: ഷണ്മുഖദാസ്, വി.മുരളി തുടങ്ങിയവർ പ്രസംഗിച്ചു. കെ.സി.ജോസ് വി.യു. രാധാകൃഷ്ണൻ എന്നിവരുടെ പുസ്തകങ്ങൾ പ്രകാശനം ചെയ്തു.ആറ്റൂർ ആർ. അംബുജാക്ഷി പുള്ളുവൻപാട്ട് അവതരിപ്പിച്ചു.

## നിയമസഭാ മണ്ഡലതല പ്രവേശനോത്സവം

ഇരിഞ്ഞാലക്കുട നിയമസഭ മണ്ഡലതല സ്കൂൾ പ്രവേശനോത്സവം ഉദ്ഘാടനം ഉന്നത വിദ്യാഭ്യാസ സാമൂഹ്യ നീതി വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു നിർവഹിച്ചു.ഇരിങ്ങാലക്കുട മുൻസിപ്പൽ ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ അംബിക പള്ളിപ്പുറത്ത് അധ്യക്ഷത വഹിച്ചു. പ്രധാനാധ്യാപിക ഷെൽബി ഇ. ടി സ്വാഗതം പറഞ്ഞു. ലഹരി വിരുദ്ധ പരിപാടിയായ 'കരുതലായി കാവലായി' പദ്ധതിയുടെ ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു. ജില്ല പോലീസ് മേധാവി ബി കൃഷ്ണകുമാർ ഐഎഎസ് പദ്ധതി വിശദീകരണം നടത്തി.കുട്ടികൾക്കായി എൻ എസ് എസ് നൽകിയ പഠനോ പകരണങ്ങളുടെ വിതരണവും മന്ത്രി നിർവഹിച്ചു. വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ജിഷ ജോബി, ബിപി സി കെ ആർ സത്യപാലൻ, പി ടിഎ പ്രസിഡണ്ട് സനീഷ് നടയിൽ, എസ് എം സി ചെയർമാൻ ശ്രീലാൽ എന്നിവർ ആശംസകൾ അർപ്പിച്ചു. കുട്ടികളുടെ നിർത്താവിഷ്കാരവും മുഖ്യമന്ത്രിയുടെ സന്ദേശവും തൽസമയം ഉണ്ടായിരുന്നു.

## ലഹരിക്കെതിരെ പ്രതിജ്ഞ ചൊല്ലി കുരുന്നുകൾ വിദ്യാലയങ്ങളിലേക്ക്

ഇരിങ്ങാലക്കുട: കയ്പമംഗലം മണ്ഡലത്തിലെ മുഴുവൻ വിദ്യാലയങ്ങളിലേയും കുട്ടികൾ ലഹരിക്കെതിരേ പ്രതിജ്ഞ ചൊല്ലി പുതിയ അധ്യയന വർഷം ആഘോഷമാക്കാൻ വിദ്യാലയങ്ങളിലേക്ക് പ്രവേശിച്ചു. എടവിലങ്ങ് ഗവ. ഫിഷറീസ് സ്കൂളിൽ നടന്ന മണ്ഡലതല പ്രവേശനോത്സവം ഇ ടി ടൈസൺ എംഎൽഎ ഉദ്ഘാടനം നിർവഹിച്ചു. എടവിലങ്ങ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നിഷ അജിതൻ അധ്യക്ഷത വഹിച്ചു.

പൊതുസമൂഹത്തിന് ദോഷകരമായ ലഹരി എന്ന വിപത്തിനെ വിവിധ ബോധവത്കരണ പരിപാടികളോടെ നിർവീര്യമാക്കുമെന്ന് എം എൽ എ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു.

ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് സന്തോഷ് കോരിച്ചാലിൽ, സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺമാരായ ബിന്ദു രാധാകൃഷ്ണൻ, ഷാഹിന ജലീൽ, ജില്ലാ പഞ്ചായത്ത് മെമ്പർ സുഗത ശശിധരൻ, പ്രധാനാധ്യാപിക നിഷ, ബ്ലോക്ക് മെമ്പർ അഡ്വ. മോനിഷ, വാർഡ് മെമ്പർമാരായ ജോസി ടൈറ്റസ്, സന്തോഷ് പുളിക്കൽ, കെ കെ മോഹനൻ, വി പിൻദാസ്, ബി പി സി എൻ സി പ്രശാന്ത് മാസ്റ്റർ തുടങ്ങിയവർ സംസാരിച്ചു.

## കേരള സാഹിത്യ അക്കാദമിയിൽ സാഹിതീയം സാക്ഷി 2025 ശില്പശാല നടന്നു

തൃശൂർ : സാഹിത്യ സംഘടനയായ സാക്ഷി കേരള സാഹിത്യ അക്കാദമിയിൽ എഴുത്തുകാർക്കായി സംഘടിപ്പിച്ച ഏകദിന സാഹിത്യ പഠനശാല 'സാഹിതീയം സാക്ഷി ' ഭാഷാ പണ്ഡിതൻ കാനം ജയകുമാർ ഉദ്ഘാടനം ചെയ്തു.

സാഹിത്യത്തിന്റെ സാമൂഹിക പ്രസക്തി എന്ന വിഷയത്തിൽ അക്കാദമി സെക്രട്ടറി പ്രൊഫ.അബൂബക്കർ, മാനവികതയും പ്രതിബദ്ധതയും എന്ന വിഷയത്തിൽ സാമൂഹിക പ്രവർത്തകൻ കരീം പന്നിത്തടം,സാക്ഷിയും സമൂഹവും എന്ന വിഷയത്തിൽ ജനറൽ സെക്രട്ടറി അനസ്ബി എന്നിവർ ക്ലാസ്സുകൾ നയിച്ചു. സാക്ഷി പ്രസിഡന്റ് ഇന്ദിരാദേവി അദ്ധ്യക്ഷയായിരുന്നു. സാഹിത്യ പ്രവർത്തകരായ വള്ളത്തോൾ രവീന്ദ്രനാഥ്, ദാസ് ഭട്ടതിരി,ഷൈലജ സീന,സരിത മത്തായി, എളവൂർ വിജയൻ, രാമവാര്യർ,ഇ.പി.മുഹമ്മദ് പട്ടിക്കര,എം.കെ.ദിവ്യ എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി.

## ആബാ സൊസൈറ്റി ലഹരിവിരുദ്ധ ബോധവൽക്കരണം നടത്തി

അമലനഗർ: അമലയിൽ പ്രവർത്തിക്കുന്ന ആബാ സൊസൈറ്റിയുടെ നേതൃത്വത്തിൽ പ്രദേശത്തെ വിദ്യാർത്ഥികൾക്കായ് നടത്തിയ ലഹരി വിരുദ്ധ ബോധവൽക്കരണം പഠനോപകരണ വിതരണം എഴുത്തിനിരുത്തൽ എന്നിവയുടെ ഉദ്ഘാടനം മുൻ ഡി.ജി.പി. ഋഷിരാജ് സിംഗ് നിർവഹിച്ചു. ചടങ്ങിൽ അമല നഗർ സെന്റ് ജോസഫ് പള്ളി വികാരി ഫാ.ഫിനോഷ് കിറ്റിക്ക, കെനിയൻ മിഷൻ സെന്ററിലെ ഫാ. ജേക്കബ് അച്ചാണ്ടി, ആബാ ചെയർമാൻ ഫാ. ജൂലിയസ് അറയ്ക്കൽ, മോഡറേറ്റർ ഫാ. ഡെൽജോ പുത്തൂർ, പ്രസിഡന്റ് സി.എ. ജോസഫ്, കൺവീനർ പി.എൽ. ഡേവിസ് എന്നിവർ പ്രസംഗിച്ചു. 300 ഓളം വിദ്യാർത്ഥികളും രക്ഷിതാക്കളും പങ്കെടുത്തു.

## 'ഭവ്യോത്സവം' ആഘോഷിച്ചു

ഇരിഞ്ഞാലക്കുട: ഭാരതീയ വിദ്യാഭവനിൽ പ്രവേശനോത്സവം 'ഭവ്യോത്സവം' എന്നപേരിൽ വർണ്ണാഭമായ പരിപാടികളോടെ ആഘോഷിച്ചു. ചെയർമാൻ അപ്പുക്കുട്ടൻ നായർ ഉദ്ഘാടനം ചെയ്തു. വൈസ് ചെയർമാൻ സി നന്ദകുമാർ, സെക്രട്ടറി വി രാജൻ, മാനേജ്മെന്റ് കമ്മിറ്റി അംഗങ്ങളായ വിവേകാനന്ദൻ, പ്രിൻസിപ്പൽ ബിജു ഗീവർഗീസ്, വൈസ് പ്രിൻസിപ്പൽ സുജാത, കെജി വിഭാഗം മേധാവി രജനി അജയൻ, പിടിഎ ഭാരവാഹി ആതിര എന്നിവർ സന്നിഹിതരായിരുന്നു. നൃത്തപരിപാടികൾ, ഗാനങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച കലാവിരുന്നും ഉണ്ടായിരുന്നു. പ്രവേശനോത്സ വ ഗാനം പ്രദർശിപ്പിച്ചു. അധ്യാപിക സിന്ധു വിനയൻ സ്വാഗതവും പ്രൈമറി വിഭാഗം മേധാവി ബിന്ദുമതി നന്ദിയും പറഞ്ഞു.

## വിവാഹം:

### റിസ്വാൻ–നിഹ്മ

കുന്നംകുളം: ഞമ്മന ങ്ങാട് വീട്ടിപറമ്പിൽ മുഹമ്മദ് സിദ്ദിഖ്– മുനീബ മകൻ മുഹമ്മദ് റിസ്വാനും, പട്ടാമ്പി കരുവാൻ പടി വട്ടരപ്പറക്കൽ അബ്ദുറഹ്മാൻ – നസിയ മകൾ നിഹ്മയും വിവാഹിതരായി. വടക്കേക്കാട് ടി എം കെ റീജൻസിയിലെ ചടങ്ങിലും സ്വീകരണ സൽക്കാരത്തിലും പ്രമുഖരുൾപ്പെടെ ധാരാളം പേർ പങ്കെടുത്തു

## കൈയും വീശി സ്കൂളിലേക്ക്

തൃശൂർ: വിദ്യാർത്ഥികൾക്ക് ബാഗ് ഭാരം ഒഴിവാക്കി പഠനം നൽകുന്നു. കയ്യും വീശി സ്ക്കൂളിലേക്ക്. കയ്യും വീശി വീട്ടിലേക്ക് -- എന്ന പദ്ധതി മാളഡോ: രാജു ഡേവിസ് ഇന്റർനാഷണൽ സ്കൂളിലാണ് നടപ്പാക്കുനത്. പ്രീ-പ്രൈമറി മുതൽ നാലാം ക്ലാസ് വരെയുള്ള കുട്ടികൾക്കാണ് ആദ്യ ഘട്ടത്തിൽ പദ്ധതി നടപ്പാക്കുക.

നിശ്ചിത സിലബസ് പഠനം ക്ലാസ് റൂമിൽ നടക്കും. ഹോംവർക്ക് ഇല്ല. സെമിനാറും ഒരുക്കും. വിദ്യാർത്ഥികൾക്ക് പ്രഭാത-ഉച്ച-ഈവനിങ് ഭക്ഷണം നൽകും. കൃത്രിമ ഭക്ഷണം കഴിക്കുന്ന ശീലം കുട്ടികളിൽ ഇല്ലാതാക്കുകയാണ് ലക്ഷ്യം. ഒരു മണികൂർ കളി ദിവസവും ഉണ്ടായിരിക്കും. മികച്ച പരിശീലനം നേടിയ അദ്ധ്യാപകരാണ് ക്ലാസെടുക്കുക.അഞ്ചാം ക്ലാസ് മുതലുള്ളവർക്ക് പുസ്തക സഞ്ചി ഒഴിവാക്കുന്ന രീതി പിന്നീട് നടപ്പാക്കും. സ്കൂളിലെ എല്ലാ കുട്ടികൾക്കും പോഷകാഹാര സമൃദ്ധ ഭക്ഷണം നൽകി വരുന്നതും സ്കൂളിന്റെ മാതൃകയാണ്.

## പുതുക്കാട് മണ്ഡലതലം സ്കൂൾ പ്രവേശനോത്സവം

പുതുക്കാട്: ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ സംഘടിപ്പിച്ച പുതുക്കാട് മണ്ഡല തല പ്രവേശനോത്സവം കെ കെ രാമചന്ദ്രൻ എംഎൽഎ ഉദ്ഘാടനം ചെയ്തു.

സംസ്ഥാനതലം, ജില്ലാതലം മണ്ഡലതലം എന്ന രീതിയിൽ വിപുലമായി പ്രവേശനോത്സവം നടത്തി വിദ്യാലയങ്ങളെ കുട്ടികൾക്ക് പ്രിയപ്പെട്ടതാക്കി മാറ്റുകയാണ് സർക്കാർ എന്ന് കെ. കെ. രാമചന്ദ്രൻ എം എൽ എ പറഞ്ഞു.

കൊടകര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ എം ചന്ദ്രൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ പഞ്ചായത്തംഗം സരിത രാജേഷ്, ബ്ലോക്ക് പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ അൽജോ പുളിക്കൻ, കൊടകര ബി ആർ സി ബി പി ഒ വി.ടി സിന്ധു, ഹൈസ്കൂൾ പ്രധാന അധ്യാപിക എസ് ബിന്ദു എന്നിവർ സംസാരിച്ചു.

## വെള്ളാങ്ങല്ലൂർ സർക്കാർ ആയുർവേദ ഡിസ്പെൻസറിക്ക് എൻ.എ.ബി.എച്ച്. എൻട്രി ലെവൽ സർട്ടിഫിക്കറ്റ്

ഇരിങ്ങാലക്കുട : വെള്ളാങ്ങല്ലൂർ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ആയുർവേദ ഡിസ്പെൻസറിക്ക് ദേശീയ അംഗീകാരം. ആശുപത്രിക്ക് ലഭിച്ച എൻ.എ.ബി.എച്ച്. എൻട്രി ലെവൽ സർട്ടിഫിക്കറ്റ് തിരുവനന്തപുരം ടാഗോർ തിയേറ്ററിൽ നടന്ന ചടങ്ങിൽ കേരള ആരോഗ്യ മന്ത്രി വീണ ജോർജ്ജിൽ നിന്നും വെള്ളാങ്ങല്ലൂർ പഞ്ചായത്ത് പ്രസിഡന്റ് നിഷ ഷാജി, ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഷീല സജീവ്, മുൻ പഞ്ചായത്ത് പ്രസിഡന്റ് എം.എം. മുകേഷ്, കമ്മ്യൂണിറ്റി ഹെൽത്ത് ഓഫീസർ ഡോ. കെ.വി. ശ്രീജ, മുൻ കമ്മ്യൂണിറ്റി ഹെൽത്ത് ഓഫീസർ ഡോ. മുഹസ് കെ. കരീം എന്നിവർ ചേർന്ന് ഏറ്റുവാങ്ങി.

കേരള സർക്കാർ ആയുർവേദ വകുപ്പിന്റെയും നാഷണൽ ആയുഷ് മിഷന്റെയും പഞ്ചായത്ത് ഭരണസമിതിയുടെയും സഹകരണത്തോടെ ആശുപത്രി വികസന സമിതിയുടെ മേൽനോട്ടത്തിൽ ജീവനക്കാരും ആശാപ്രവർത്തകരും നടത്തിയ കൂട്ടായ പരിശ്രമത്തിന്റെ ഫലമാണ് ഈ നേട്ടം.

ഭാരതീയ ചികിത്സാ വകുപ്പിലെയും ഹോമിയോപ്പതി വകുപ്പിലെയും 700 ആയുഷ് ആരോഗ്യ സ്വാസ്ഥ്യ കേന്ദ്രങ്ങളിൽ നിന്നും പ്രാഥമിക ഗ്യാപ് അനാലിസിസ് നടത്തിയ ശേഷമാണ് എൻ. എ. ബി. എച്ച്. അംഗീകാരത്തിനായി അപേക്ഷ സമർപ്പിക്കുവാൻ സ്ഥാപനങ്ങളെ തിരഞ്ഞെടുത്തത്.

സ്ഥാപനത്തിലെ അടിസ്ഥാന സൗകര്യങ്ങൾ, ഭിന്നശേഷി സൗഹൃദ ശൗചാലയം, സുരക്ഷാ മാനദണ്ഡങ്ങൾ, അവശ്യ മരുന്നുകളുടെയും ഉപകരണങ്ങളുടെയും അടിസ്ഥാന ലാബ് പരിശോധനകളുടെയും ലഭ്യത, ആതുരസേവകരുടെ ലഭ്യത, രോഗീപരിചരണത്തിന്റെ ഗുണനിലവാരം, മരുന്നുകളുടെ ഗുണനിലവാരമുള്ള സംഭരണവും വിതരണവും, അണുബാധ നിയന്ത്രണം തുടങ്ങി ഒട്ടേറെ കാര്യങ്ങൾ വിലയിരുത്തിയ ശേഷം ലഭ്യമാകുന്ന സേവനങ്ങളെ കുറിച്ചും രോഗികളുടെ അവകാശങ്ങളെ കുറിച്ചും സ്ഥാപനത്തിലെത്തുന്ന രോഗികളോടുള്ള ജീവനക്കാരുടെ പെരുമാറ്റത്തെ കുറിച്ചും പൊതുജനങ്ങൾക്കുള്ള അഭിപ്രായം കൂടി പരിഗണിച്ചാണ് ഈ ദേശീയ അംഗീകാരം.

## ഇരിങ്ങാലക്കുട ശാന്തിനികേതൻ പബ്ലിക് സ്കൂളിലെ പ്രവേശനോത്സവം

ഇരിങ്ങാലക്കുട: എസ് എൻ ഇ എസ് പ്രസിഡൻറ് സന്തോഷ് ചെറാക്കുളം ഉദ്ഘാടനം നിർവ്വഹിച്ചു.പ്രിൻസിപ്പാൾ പി .എൻ ഗോപകുമാർ സ്വാഗതം പറഞ്ഞു. തുടർന്ന് എസ്. എൻ. ഇ, എസ്. വൈ. പ്രസിഡണ്ട് കെ. യു. ജ്യോതിഷ്, എസ്. എം. സി. ചെയർമാൻ പി. എസ്.സുരേന്ദ്രൻ, എസ്. എൻ. ഇ,എസ്. ജോ. സെക്രട്ടറി സജിതൻ കുഞ്ഞിലക്കാട്ടിൽ, അഡ്മിനിസ്ട്രേറ്റർ ലീന എന്നിവർ വിദ്യാർത്ഥികൾക്ക് ആശംസകൾ നേർന്നു. തുടർന്ന് വിദ്യാർത്ഥികളുടെ കലാപരിപാടികൾ അരങ്ങേറി.

## തൃശൂർ ജില്ല ലൈബ്രറി കൗൺസിൽ

തൃശൂർ: ചങ്ങാത്തവും, സൗഹൃദങ്ങളും പ്രത്യേക അധികാര വ്യവസ്ഥ കളുടെ കാൽകീഴിൽ അടയാളപ്പെടുത്തുന്ന കാലത്ത് വൈക്കം മുഹമ്മദ് ബഷീറിന്റെ സാഹിത്യ രചനകൾക്ക് വലിയ സ്ഥാനമുണ്ടെന്ന്, ചിന്തകൻ കെ.ഇ. എൻ കുഞ്ഞഹമ്മദ് അഭിപ്രായപ്പെട്ടു.

ബഷീറിന്റെ പ്രശസ്തനോവൽ – ബാല്യകാലസഖിയുടെ – എൺപതാം വാർഷികാഘോഷ ഭാഗമായി, തൃശൂർ ജില്ല ലൈബ്രറി കൗൺസിൽ സംഘടിപ്പിച്ച സാംസ്കാരിക സദസ്സ് ഉൽഘാനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു കെ. ഇ.എൻ. വിവേകോദയംഹൈസ്കൂൾ ഹാളിലായിരുന്നു പരിപാടി.

ലൈബ്രറി കൗൺസിൽ ജില്ലാ പ്രസിഡണ്ട് മുരളി പെരുനെല്ലി അദ്ധ്യക്ഷത വഹിച്ചു – സെക്രട്ടറി വി.കെ.ഹാരി ഫാബി, കഥാകൃത്ത് എൻ. രാജൻ, പി.തങ്കം ടീച്ചർ, വി.മുരളി, കെ.എൻ ഭരതൻ, പ്രസംഗിച്ചു ബഷീർ കഥാപാത്രങ്ങൾ നിറഞ്ഞ നാടകാവതരണം, ബഷീർ മെലഡി ഫെസ്റ്റ് ചിത്ര പ്രദർശനം എന്നിവയും ഉണ്ടായി.


### കോടതി പരസ്യം

**ബഹു. തൃശൂർ അഡീഷ്ണൽ മുൻസിഫ് കോടതി മുമ്പാകെ**

OS: 5647/2016, RP: 80/2023

തൃശൂർ താലൂക്ക് തൃശൂർ വില്ലേജ്, തൃശൂർ ടൗണിൽ പാലസ് റോഡിൽ ജീസസ്സ് കുറീസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിനുവേണ്ടി കമ്പനിയുടെ ഡയറക്ടറും അധികാരപ്പെടുത്തിയ ആളുമായ തൃശൂർ താലൂക്ക് ചെമ്പൂക്കാവ് വില്ലേജ് ദേശത്ത് ചക്കാലക്കൽ കൊച്ചാപ്പു മകൻ 65 വയസ് ബിസിനസ്സ് സി കെ തോമസ്

-ഹരജിക്കാർ/അന്യായം

1) തൃശൂർ താലൂക്ക്, വിൽവട്ടം വില്ലേജ്, വില്ലടം ദേശത്ത്, കുട്ടപ്പറമ്പിൽ ബാലകൃഷ്ണൻ ഭാര്യ 34 വയസ് മായ ബാലകൃഷ്ണൻ

2) തൃശൂർ താലൂക്